പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 256

08.06.2015-ൽ മറുപടിക്ക്.

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനുള്ള കേന്ദ്ര ഫണ്ട്

ചോദ്യം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ 2011 മുതൽ 2015 വരെയുള്ള കാലയളവിൽ ഓരോ വർഷവും എത്ര തുക കേന്ദ്രഫണ്ടായി അനുവദിച്ചു; ഇതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചു; എത്ര തുക ലാപ്സായി; വിശദാംശം നൽകുമോ;

: 2011 മുതൽ 2015 വരെയുള്ള കാലയളവിൽ കേന്ദ്ര ഫണ്ടിനത്തിൽ സംസ്ഥാന ബഡ്ജറ്റ് വഴി ലഭിച്ച തുകയുടെ വിശദ വിവരം താഴെപ്പറയുന്നു.

| വർഷം | ലഭിച്ച തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|
| 2011-2012 | 2149.19 | 487.33 |
| 2012-2013 | 929.42 | 167.79 |
| 2013-2014 | 200.00 | 200.00 |
| 2014-2015 | 500.00 | 224.42 |

കേന്ദ്ര ഫണ്ടായി അനുവദിച്ച തുകയിൽ ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ചതിൽ ബാക്കി നിൽക്കുന്ന തുകകൾ റീ വാലിഡേറ്റ് ചെയ്ത് ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ആകയാൽ തുകകൾ ലാപ്സാകാറില്ല.

(ബി) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ ഏതെല്ലാം ആയിരുന്നു; വ്യക്തമാക്കുമോ;

: (ബി) ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങളുടെയും, വാഹനങ്ങളുടെയും വാങ്ങൽ, അഗ്നിശമനസേനയുടെ ശക്തിപ്പെടുത്തൽ സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരുദ്ധാരണം എന്നിവ.

(സി) പ്രസ്തുത പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

: (സി) ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങളും, വാഹനങ്ങളും വാങ്ങുന്നതിനും, അഗ്നിശമനസേനയെ ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ പൂർണ്ണമായിട്ടില്ല. ആയവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ